# ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

## മലയാളം - പാഠാസൂത്രണരേഖ (കരട്)

**ക്ലാസ് : 2    യൂണിറ്റ് : 1 എന്റെ കേരളം    മൊഡ്യൂൾ 1 എന്റെ കേരളം**

| | |
|---|---|
| **ആമുഖം** | കേരളത്തിന്റെ പ്രകൃതി ഭംഗി വർണ്ണിക്കുന്ന കവിതയാണിത്. ഈ കവിത ഈണത്തിൽ ആലപിക്കാനും കേരളത്തിന്റെ പ്രകൃതി ഭംഗിയെക്കുറിച്ച് അഭിമാനിക്കാനും പ്രേരിപ്പിക്കുന്ന തരത്തിൽ വേണം കവിത വിനിമയം ചെയ്യാൻ. ഒന്നാംക്ലാസ്സിൽ പരിചയപ്പെട്ട വീടും കുടുംബവും എന്ന പ്രമേയത്തിന്റെ തുടർച്ചയും വളർച്ചയും ഉറപ്പാക്കുന്ന 'എന്റെ നാട്' എന്ന പ്രമേയമാണ് ഈ യൂണിറ്റിന്റേത്. സ്വന്തം നാടിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, തൊഴിലുകൾ, തനതായ കളികൾ, പൊതു ഇടങ്ങൾ, കൂട്ടായ്മയിലൂടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ മുതലായവ മനസ്സിലാക്കുന്നതിനും നാടിന്റെ പുരോഗതിയിൽ താനും പങ്കു ചേരേണ്ടതുണ്ടെന്ന മനോഭാവം രൂപപ്പെടുത്തുന്നതിനും ഈ യൂണിറ്റിലൂടെ കഴിയേണ്ടതുണ്ട്. |
| **പഠനനേട്ടങ്ങൾ** | **മലയാളം:** കണ്ടതോ കേട്ടതോ വായിച്ചതോ ആയ കാര്യങ്ങൾ ആശയം ചേർന്നുപോകാതെ പറയുന്നു. കുട്ടിക്കവിതകൾ, ഈണം, താളം, ഭാവം എന്നിവയോടെ ചൊല്ലി അവതരിപ്പിക്കുന്നു. സമാനതകളുള്ള വരികൾ കൂട്ടിച്ചേർത്ത് കവിത വികസിപ്പിക്കുന്നു. ചൊല്ലുകയും എഴുതുകയും ചെയ്യുന്നു. സ്വായത്തമാക്കിയ പദങ്ങൾ ഉപയോഗിച്ച് ആശയ പൂർണതയോടെ വാക്യങ്ങൾ എഴുതുന്നു. ലഘുവിവരണങ്ങൾ വായിച്ച് ആശയം കണ്ടെത്തി പറയുന്നു. ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു. സ്വന്തം ആശയങ്ങൾ ലഘുവാക്യങ്ങളിൽ എഴുതുന്നു. പൂർണവിരാമം, ചോദ്യചിഹ്നം, അങ്കുശം എന്നീ ചിഹ്നങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞു എഴുതുന്നു, വായിക്കുന്നു.<br><br>**പരിസരപഠനം**<br>സ്വന്തം പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ തിരിച്ചറിഞ്ഞു പറയുകയും എഴുതുകയും ചെയ്യുന്നു. സ്വന്തം പ്രദേശത്തെ തൊഴിലുകൾ അന്വേഷിച്ച് പട്ടികപ്പെടുത്തുന്നു നിഗമനം രൂപീകരിക്കുന്നു. നാട്ടിലെ കളികൾ, കളി രീതികൾ എന്നിവ വ്യത്യസ്തമാണെന്നു തിരിച്ചറിയുകയും ഏതാനും കളികൾ പരിചയപ്പെടുകയും ചെയ്യുന്നു.<br>നാട്ടിലെ പൊതു ഇടങ്ങൾ അവിടങ്ങളിലെ സേവനങ്ങൾ എന്നിവ അന്വേഷിച്ചു കണ്ടെത്തി അവതരിപ്പിക്കുന്നു. ജനങ്ങളുടെ കൂട്ടായ്മയിലൂടെയാണ് നാടിന്റെ പുരോഗതി സാധ്യമാകുന്നതെന്നു തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.<br>**കലാകായികം**<br>**കലാകായിക പ്രവൃത്തി പഠനം :**<br>വാതിൽപ്പുറ ചിത്രീകരണം നടത്തുന്നു. ശബ്ദക്രമീകരണത്തോടെ പാടുന്നു. പ്രാദേശികമായി പരിചയമുള്ള കളികൾ നിരീക്ഷിക്കുന്നു. കളികളിൽ ഏർപ്പെടുന്നു. വിവിധ തൊഴിലുകൾ, പ്രവൃത്തികൾ എന്നിവ അനുകരിക്കുന്നു. ചുറ്റുപാടും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിക്കുന്നു. |
| **വ്യവഹാര രൂപങ്ങൾ** | കവിത (പരീക്ഷ കൂട്ടിച്ചേർക്കൽ) |

| | |
|---|---|
| **ഭാഷാവസ്തുതകൾ** | തലങ്ങും വിലങ്ങും, നിരനിരയായി വീതിയേറിയ, കൂറ്റൻ, പച്ചവിരിച്ച പൂർണ വിരാമം, ചോദ്യചിഹ്നം, അങ്കുശം, |
| **പരിസരപഠനം പ്രക്രിയാ ശേഷികൾ** | വിവിധ തൊഴിലാളികളെക്കുറിച്ച് വിവരശേഖരണം നടത്തുന്ന തരംതിരിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു. സ്വന്തം പ്രദേശത്തെ കളികൾ പട്ടികപ്പെടുത്തുന്നു. നിഗമനം രൂപീകരിക്കുന്നു. പൊതു ഇടങ്ങൾ അന്വേഷിച്ചു പട്ടികപ്പെടുത്തുന്നു. നിഗമന രൂപീകരണം |
| **സാമഗ്രികൾ** | എ4 പേപ്പർ വിവിധ കളികൾ അടങ്ങിയ സി.സി., മച്ചിങ്ങ, ഈർക്കിൾ, പല തരം ഇലകൾ, സർവേ നടത്തുന്നതിനുള്ള ഫോർമാറ്റ്. |
| പ്രവർത്തനങ്ങൾ | 1. ചോദ്യത്തോരപ്പാട്ട്, 2. വായിക്കാം 3. ഈണം കണ്ടെത്താം, 4 സുന്ദരമായ നാട്, 5. വരച്ചു ചേർക്കാം, നിറം നൽകാം. 7. കണ്ടെത്തി എഴുതാം. 8.എഡിറ്റിംഗ് |
| പ്രതീക്ഷിത സമയം : | 7 മണിക്കൂർ |
| വർക്ക്ഷീറ്റ് : | 1. എന്റെ നാട് |
| വായനാസാമഗ്രി : | 1. എന്റെ പ്രിയ കേരളം (ടീച്ചറുടെ രചന)<br>2. കേരളത്തെക്കുറിച്ചുള്ള പാട്ടുകൾ |
| പോസ്റ്റർ : | 1. കേരളം - പ്രകൃതിഭംഗി |
| സർഗ്ഗവേള | കേരളപ്പാട്ടുകൾ, കേരളത്തിന്റെ പ്രകൃതി ഭംഗി, ഭാഷണം<br>ചുമർ ചിത്രം : കുട്ടികൾ ശേഖരിച്ച, വരച്ച ചിത്രങ്ങൾ, കവിതകൾ,<br>മറ്റു രചനകൾ, ടീച്ചറുടെ രചന. |
| ദിനാചരണം : | നവമ്പർ 1 കേരളപ്പിറവി ദിനം |
| സി.പി.ടി.എ. | കുട്ടികളുടെ പ്രകടനം, പ്രദർശനം |

**പ്രവർത്തനം സൂക്ഷ്മ പ്രക്രിയ**

**1. ചോദ്യോത്തരപ്പാട്ട്** (20 മിനിറ്റ്)

കുട്ടികളോട് വീട്ടുകാര്യങ്ങൾ അന്വേഷിക്കുക. നിങ്ങളുടെ വീട്ടിൽ എന്തെല്ലാം സാധനങ്ങളുണ്ട്. ഒരാൾ ഒന്നുവീതം പറയണം. ഒരാൾ പറഞ്ഞത് അടുത്ത ആൾ പറയരുത്. കുട്ടികളെ ഊഴം കാത്ത് പറയാൻ ശീലിപ്പിക്കണം. ഓരോ ബെഞ്ചിലെ കുട്ടികളായി പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.

പന്ത്, പാവ, ഗ്ലാസ്സ് കാറ്, ലോറി, ഗ്ലാസ്സ്, ടി.വി, ഫോൺ, പാത്രം... നിങ്ങൾ പറഞ്ഞ സാധനങ്ങൾ ചേർത്ത് നമുക്ക് ഒരു പാട്ടുപാടിയിലോ.. പാട്ട് ഇഷ്ടമല്ലേ, എങ്കിൽ രണ്ടു ഗ്രൂപ്പാക്കും കുട്ടികൾ അഭിമുഖമായി നിൽക്കണം.

| ഗ്രൂപ്പ് 1 | ഗ്രൂപ്പ് 2 |
|---|---|
| ചോദ്യം ചോദിക്കുന്നു<br>ഉത്തരം പറയുന്നു<br>ചോദ്യം | ഉത്തരം പറയുക.<br>ചോദ്യം ചോദിക്കുന്നു.<br>ഉത്തരം |

ഒരു ഗ്രൂപ്പിൽ ചേർത്തുകൊണ്ട് ടീച്ചർ ചോദിക്കുന്നു. പറയൂ പറയൂ ചങ്ങാതികളെ നിങ്ങടെ വീട്ടിൽ എന്തുണ്ട് ? ടീച്ചർ അടുത്ത ഗ്രൂപ്പിൽ ചേരുന്നു. പറയാം പറയാം ചങ്ങാതികളെ എന്നുടെ വീട്ടിൽ പന്തുണ്ട്-കളി തുടരുന്നു നമ്മുടെ നാട്ടിൽ എന്തെല്ലാമുണ്ട് ? എന്ന ചോദ്യം ഉന്നയിക്കുന്നു. കുട്ടികൾ പറയുന്ന കാര്യങ്ങൾ ടീച്ചർ ബോർഡിൽ എഴുതുന്നു. മാല, തോട്, കാട്,...

പോസ്റ്റർ, പാഠപുസ്തകം 6,7 പേജിലെ ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടിച്ചേർക്കുന്നു.

ചോദ്യോത്തരപ്പാട്ട് തുടരുന്നു.

പറയൂ പറയൂ ചങ്ങാതികളെ

നിങ്ങടെ നാട്ടിൽ എന്തുണ്ട് ?

........................................ ഞങ്ങടെ നാട്ടിൽ മലയുണ്ട്.

**പ്രതികരണ പേജിലേക്ക്**

എല്ലാവരും പങ്കെടുത്തുവോ ? എല്ലാവരും സ്വന്തം വരി കൂട്ടിചേർത്തോ ? പങ്കെടുക്കാത്തവരുടെ പ്രശ്നം എന്താണ് ?

**2. വായിക്കാം ഈണം കണ്ടെത്താം (40 മിനിറ്റ്)**

നിങ്ങൾ ഇപ്പോൾ പറഞ്ഞ കാര്യങ്ങൾ മാത്രമാണോ നമ്മുടെ നാട്ടിലുള്ളത്...,

മറ്റെന്തെങ്കിലും ഉണ്ടോ ?

കുട്ടികൾ പ്രതികരിക്കുന്നു ഉണ്ട് / ഇല്ല. എങ്കിൽ എങ്ങനെ അറിയാം. പാഠപുസ്തക വായനയിലേക്ക്. കുട്ടികൾക്ക് സ്വയം വായിക്കാനവസരം നൽകുന്നു. കണ്ടെത്തിയ കാര്യങ്ങൾ അവർ പറയട്ടെ. ശേഷം ടീച്ചർ കവിത അവതരിപ്പിക്കുന്നു. കുട്ടികൾ വരികളിൽ വിരൽ നീക്കി വായിക്കുന്നു. (ഒന്നു രണ്ടു തവണ ആവർത്തിക്കുന്നു.)

ഈ കവിതയിൽ എന്താണ് പറയുന്നത് ? കുട്ടികൾ പ്രതികരിക്കുന്ന ടീച്ചർ ആശയ ഗ്രഹണം ചില ചോദ്യങ്ങൾ ബോർഡിൽ എഴുതുന്നു.

കാട്ടുചോല എങ്ങനെയാണ് ഒഴുകുന്നത് ? വെള്ളി അരഞ്ഞാണം പോലെ തുള്ളിക്കളിക്കുന്നത് എന്താണ് ? മലയുടെ നിറം എന്താണ് ? പീലി നിവർത്തി നിന്നാടുന്നത് എന്താണ് ?

ചോദ്യം കുട്ടികൾ വായിക്കുന്നു. മനസ്സിലായവർ മറ്റുള്ളവരെ വായിച്ചു മനസ്സിലാക്കാൻ സഹായിക്കുന്നു. ആവശ്യമെങ്കിൽ ടീച്ചർ വിശദീകരിക്കുന്നു. ഉത്തരം കണ്ടെത്താൻ കുട്ടികളഅം കവിത വായിക്കുന്നു. ഉത്തരങ്ങൾ ചെറു ഗ്രൂപ്പിൽ പങ്കുവെക്കുന്നു. പൊതു അവതരണം - ശരിയുത്തരം ചർച്ച ചെയ്യുന്നു. ബോർഡിൽ എഴുതുന്നു. കുട്ടികൾ മെച്ചപ്പെടുത്തുന്നു. ടീച്ചർ ആശയം ക്രോഡീകരിച്ച് പറയുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാ കുട്ടികൾക്കും വായിക്കാൻ കഴിഞ്ഞോ? വായനയിൽ കുട്ടി നേരിടുന്ന പ്രശ്നം എന്നാണ്. ഞാനെങ്ങനെയാണ് ഇത് പരിഹരിക്കുന്നത്.

**3. ഈണം കണ്ടെത്താം (40 മിനിറ്റ്)**

കേരളത്തിന്റെ പ്രകൃതി ഭംഗിയെക്കുറിച്ചാണ് കവിത എന്നു മനസ്സിലായി. ഈ കവിത എങ്ങനെയാണ് അനുയോജ്യമായ ഈണം നൽകി അവതരിപ്പിക്കുക. വ്യക്തിഗതമായി ഈണം കണ്ടെത്തുന്നു. നാലംഗ ഗ്രൂപ്പിൽ പങ്കുവെക്കുന്നു. പൊതു അവതരണം മറ്റു ഗ്രൂപ്പുകൾ സൂചകം വെച്ച് വിലയിരുത്തുന്നു.

കവിതാലാപനം വിലയിരുത്തുന്നതെങ്ങനെ ? കുട്ടികളുടെ പങ്കാളിത്തത്തോടെ സൂചകം വികസിപ്പിക്കുന്നു. അനുയോജ്യമായ ഈണവും താളവും ആശയം ഉൾക്കൊണ്ട് പാടുന്നു. അനുയോജ്യമായ ശബ്ദവ്യതിയാനം

ഓരോ ഗ്രൂപ്പും വിലയിരുത്തി പറയുന്നു. മെച്ചപ്പെടുത്തുന്നു. ടീച്ചറുടെ ആലാപനം - കുട്ടികൾ വിലയിരുത്തുന്നു. കുട്ടികളും ടീച്ചറും ചേർന്നു പാടുന്നു.


**പ്രതികരണ പേജിലേക്ക്**

എത്ര പേർക്ക് സ്വന്തം ഊണം കണ്ടെത്താൻ കഴിഞ്ഞു ? ആലാപനം വിലയിരുത്താൻ കുട്ടികൾക്ക് കഴിയുന്നുണ്ടോ ? മറ്റു കവിതകൾക്ക് ഈണം കണ്ടെത്താൻ നൽകിയാലോ ? ഇതിൽ രക്ഷിതാക്കളുടെ റോൾ എന്താണ് ?

**4. സുന്ദരമായ നാട്** (40 മിനിറ്റ്)

നമ്മുടെ നാടിന്റെ സുന്ദരമാക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് കവിതയിൽ പറഞ്ഞിട്ടുള്ളത് ?

കുട്ടികൾ കവിത നോക്കി നോട്ട് ബുക്കിൽ പൂരിപ്പിക്കണം. തുടർന്ന് കുട്ടികൾ പറഞ്ഞവ ടീച്ചർ



ബോർഡിൽ എഴുതുന്നു. കുട്ടികൾ എഴുതാത്തവ എഴുതിചേർക്കുന്നു. തെറ്റു തിരുത്തുന്നു. (എല്ലാം എഴുതിയോ ? അക്ഷരത്തെറ്റുണ്ടോ ?) പാഠപുസ്തകത്തിൽ പൂരിപ്പിക്കുന്നു. (എല്ലാവരും എഴുതി എന്ന് ഉറപ്പ് വരുത്തണം) ടീച്ചർ 'എന്റെ നാട്' എന്ന വർക്ക് ഷീറ്റ് 2101 നൽകുന്നു.

എന്റെ നാട്

പുതിയ പദങ്ങൾ ഉപയോഗിച്ച് കുട്ടികൾ വാക്യങ്ങൾ പറയട്ടെ. ഓരോ ഗ്രൂപ്പിനും ഓരോ പദം നൽകാം. ഉദാ : പുഴ എന്റെ നാട്ടിൽ പുഴയുണ്ട്. പുഴ വളഞ്ഞ് പുളഞ്ഞ് ഒഴുകുന്നു. പുഴയിലൂടെ തോണി പോകുന്നുണ്ട്. ഇങ്ങനെ ഓരോ ഗ്രൂപ്പിലും ഒരു പദമുപയോഗിച്ച് വാക്യങ്ങൾ പറയണം. എല്ലാവരും അവതരിപ്പിച്ചു കഴിഞ്ഞാൽ കുട്ടികൾ പദസൂര്യനിലെ പദങ്ങൾക്കുള്ള വാക്യങ്ങൾ വർക്ക് ഷീറ്റിൽ എഴുതണം. വ്യക്തിഗതമായി എഴുതിയവ ഗ്രൂപ്പിൽ വായിക്കട്ടെ. മറ്റുള്ളവർ കൂട്ടി ചേർക്കട്ടെ. പൊതു അവതരണം മെച്ചപ്പെടുത്തൽ മറ്റുള്ള ഗ്രൂപ്പുകൾ വിലയിരുത്തട്ടെ. മെച്ചപ്പെടുത്തി നോട്ട് ബുക്കിൽ എഴുതുന്നു.

**പ്രതികരണ പേജിലേക്ക്**

എത്ര പേർക്ക് പദങ്ങൾ മാത്രം എഴുതാൻ കഴിഞ്ഞു. വാക്യങ്ങൾ എഴുതിയവർ എത്ര ? അക്ഷരത്തെറ്റ്, വാക്യഘടന, പ്രശ്നങ്ങൾ ആർക്കെല്ലാം ഭിന്നശേഷിക്കാർക്ക് എന്തു സഹായം ചെയ്തു. ഈ പ്രവർത്തനത്തിലൂടെ എന്തെല്ലാം തിരിച്ചറിവുണ്ടായി.

**5. വരച്ചു ചേർക്കാം.** (20 മിനിറ്റ്)

പാഠപുസ്തകം പേജ് 8 ലെ പ്രവർത്തനം ഒന്നാമത്തെ കോളത്തിലുള്ളതിന് യോജിക്കുന്ന പദങ്ങൾ രണ്ടാം കോളത്തിലുണ്ട് അവയെ വരച്ചു യോജിപ്പിക്കണം. ആവശ്യമുള്ളവർക്ക് കവിത വീണ്ടും വായിക്കാം. കുട്ടികൾ വ്യക്തിഗത ശ്രമം. 5 ഗ്രൂപ്പിൽ പങ്കുവെയ്ക്കൽ - മെച്ചപ്പെടുത്തൽ പിന്നാക്കക്കാരെ ടീച്ചർ സഹായിക്കുന്നു. തുടർന്ന് ക്ലാസ്തല മത്സരം. ഒന്നാംഗ്രൂപ്പ് ഒരു പദം പറയം. അഞ്ചാംഗ്രൂപ്പിലെ ഒരു കുട്ടിയെ ഒന്നാം ഗ്രൂപ്പുകാരൻ ചൂണ്ടിക്കാണിക്കും. അവന് ഉത്തരം പറയണം (തന്ത്രം ടീച്ചർക്ക് മാറ്റാം) ഉത്തരം പറഞ്ഞാൽ 10 പോയിന്റ്. ഇല്ലെങ്കിൽ അടുത്ത ഗ്രൂപ്പിന് അവസരം. ആരും പറഞ്ഞില്ലെങ്കിൽ ചോദിച്ച ഗ്രൂപ്പിന് പോയിന്റ് ഗ്രൂപ്പുകൾക്ക് പാഠപുസ്തകം നോക്കാം. ടീച്ചർ പോയിന്റ് ക്രോഡീകരിച്ച് വിജയിച്ച ഗ്രൂപ്പിനെ പ്രഖ്യാപിക്കും. ആവശ്യമെങ്കിൽ ടീച്ചർക്ക് ക്രോഡീകരിക്കാം. നോട്ട് ബുക്കിലെഴുതണം.

**പ്രതികരണ പേജിലേക്ക്**

കുട്ടികൾ എങ്ങനെ പ്രതികരിച്ചു? പങ്കാളിത്തം എങ്ങനെ?

**6. നിറം നൽകാം.**

പാഠപുസ്തകം പേജ് 8 ലെ ചിത്രത്തിന് നിറം നൽകണം. ക്രയോൺസ്, കളർ പെൻസിൽ ഇല്ലാത്തവർക്ക് ലഭ്യമാകുകന്ന ഓരോ ചിത്രത്തിനും നൽകേണ്ട നിറം ഏതെന്നു ചർച്ച. വ്യക്തിഗതമായി നിറം നൽകൽ. പരസ്പരം വിലയിരുത്തൽ. (അനുയോജ്യമായ നിറമാണോ ? നിറങ്ങളുടെ മിശ്രണത്തിലെ മികവ് എന്നിവ പരിഗണിക്കണം) ചിത്ര പ്രദർശനം - ടീച്ചർ വരച്ച് നൽകിയ ചിത്രം പ്രദർശിപ്പിക്കുന്നു. - കുട്ടികൾ വിലയിരുത്തുന്നു.

**പ്രതികരണ പേജിലേക്ക്**

എല്ലാവരുടേയും പങ്കളിത്തം ഉറപ്പാക്കിയില്ലേ. നിറം സംബന്ധിച്ച കുട്ടികളുടെ ധാരണ.

**7. കവിതയിൽ നിന്നും കണ്ടെത്തി എഴുതാം.** (40 മിനിറ്റ്)

കവിതയിലെ ആശയം, ഇതുവരെ നടന്ന പ്രവർത്തനങ്ങൾ കുട്ടിയുടെ മനസ്സിലേക്ക് കൊണ്ട് വരുന്നു. നമ്മുടെ നാടിനെ കുറിച്ച് കവിതയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എഴുതുക. ലഘു ചർച്ചക്കുശേഷം വ്യക്തിഗത രചന (10 മിനിട്ട്) സ്വന്തം വായിച്ച് മെച്ചപ്പെടുത്തൽ. നാലംഗ ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരിപ്പിക്കുന്നു. മറ്റുള്ളവർ വിലയിരുത്തുന്നു. സൂചകങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്നു. കവിതയിൽ പറഞ്ഞ നാടിന്റെ ഭംഗി പൂർണമായും വന്നിട്ടുണ്ട്. ആശയം വ്യക്തിഗതയോടെ വാക്യങ്ങൾ എഴുതിയിട്ടുണ്ട്. അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്.

അനുയോജ്യമായ പദങ്ങൾ ഉപയോഗിച്ചു. തുടർന്ന് പൊതു അവതരണം. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ടീച്ചർ വേർഷൻ അവതരണം. ചാർട്ടിൽ എഴുതിയോ വായനാസാമഗ്രി വായനകളുടെ വഴിയിലൂടെ നൽകിയോ? വായിക്കാനവസരം നൽകുന്നു. ടീച്ചർ വായിച്ചു കൊടുക്കുന്നു. സ്വന്തം രചനയുമായി കുട്ടികൾ അവരുടെ തലത്തിൽ താരതമ്യം ചെയ്യുന്നു.

എന്തെല്ലാം പുതിയ പദങ്ങൾ - പുതിയ കാര്യങ്ങൾ അക്ഷരത്തെറ്റ് എന്നിവ വിലയിരുത്തുന്നു.

**8. എഡിറ്റിംഗ്** (20 മിനിറ്റ്)

ഒരു ശരാശരി നിലവാരമുള്ള രചന എഡിറ്റിംഗുകളായി ചാർട്ടിൽ എഴുതുന്നു.

കുട്ടികളോട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് എഡിറ്റ് ചെയ്യുന്നു. കവിതയിൽ എല്ലാ കാര്യങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ ? വാക്യങ്ങൾ വായിച്ചാൽ മനസ്സിലാകുന്നുണ്ടോ ? ഏതെങ്കിലും വാക്കുകൾ വിട്ടുപോയിട്ടുണ്ടോ ? അക്ഷരം ചിഹ്നങ്ങൾ ശരിക്ക് എഴുതിയിട്ടുണ്ടോ ?

കുട്ടികൾ പറയുന്നവ വിശകലനം ചെയ്ത ടീച്ചർ തിരുത്താൻ വരുത്തുന്നു. (ടീച്ചർ വേർഷൻ എടുത്തുമാറ്റാം) തുടർന്ന് കുട്ടികൾ രചന മെച്ചപ്പെടുത്തുന്നു.

**പ്രതികരണ പേജിലേക്ക്**

ഈ പ്രവർത്തനത്തിലൂടെ തനിക്കുണ്ടായ തിരിച്ചറിവ് കുട്ടികളിൽ പഠനം നടന്നുവോ -


എങ്ങനെ ? പിന്നാക്കക്കാർക്ക് അവസരം നൽകാൻ ഈ പ്രക്രിയ സഹായിച്ചുവോ ? സമയം കൂടുതൽ വന്നു എങ്ങനെ കണ്ടെത്താം.

## ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2

### മലയാളം - വർക്ക് ഷീറ്റ്

### 2101

| | | |
|---|---|---|
| ക്ലാസ് : 2 | യൂണിറ്റ് : 1 എന്റെ കേരളം | മൊഡ്യൂൾ : 1 എന്റെ കേരളം |
| കുട്ടിയുടെ പേര് : | സ്കൂൾ : | |




എന്റെ നാട്ടിൽ ഭംഗിയുള്ള പുഴയുണ്ട്. അത് വളഞ്ഞ് പുളഞ്ഞ് ഒഴുകിപ്പോകുന്നു. പുഴയിലൂടെ തോണി പോകുന്നുണ്ട്.

**ഡയറ്റ് മലപ്പുറം - സ്ലേറ്റ് - 2**

**മലയാളം - വായനയുടെ വഴിയിലൂടെ**

**2150**

| ക്ലാസ് : 2 | യൂണിറ്റ് : 1 എന്റെ കേരളം | മൊഡ്യൂൾ : 1 എന്റെ കേരളം |
|---|---|---|

## എന്റെ പ്രിയ കേരളം

എന്റെ നാട്ടിൽ പാട്ടുപാടി ഒഴുകുന്ന പുഴകളും തോടുകളുമുണ്ട്. ചന്തമുള്ള പൂക്കൾ നിറഞ്ഞു നിൽക്കുന്ന കാടുകളുണ്ട്. കളകളം പാടി ഒഴുകുന്ന കാട്ടുചോലകളുണ്ട്. വലിയ കുന്നുകളുണ്ട്. എന്റെ നാട്ടിനു ചുറ്റും വെള്ളിയരഞ്ഞാണം പോലെ തുള്ളിക്കളിക്കുന്ന കടലുണ്ട്. കായലും നീലമലയും എന്റെ നാടിന്റെ അഴകാണ്. മയിലിനെപ്പോലെ പീലി വിടർത്തിയാടുന്ന തെങ്ങിൻതോപ്പുകളും കാറ്റിന്റെ കുളിരേറ്റു കോരിത്തരിച്ചു നിൽക്കുന്ന വയലുകളും ഇവിടെയുണ്ട്. ഇവയെല്ലാമുള്ള എന്റെ നാട് എത്ര സുന്ദരമാണ്.

എന്റെ ഗ്രാമത്തിന്റെ പ്രകൃതിദൃശ്യങ്ങളുടെ ചിത്രം വരച്ച് നിറം കൊടുക്കുക.